കുറിപ്പുകൾ

വി.എം ഹസനുൽബന്ന

# ബി.ജെ.പിക്കുള്ളിൽ ശത്രുസംഹാരം

**സുഷമക്കും ജയ്റ്റ്ലിക്കും പദവി നൽകിയതിലൂടെ അദ്വാനിയുടെ പിന്തുടർച്ച അവരായിരിക്കുമെന്ന സന്ദേശം കൂടി നൽകിയതായി ജസ്വന്ത് സിംഗ് ഭയക്കുന്നു. തൽസ്ഥാനങ്ങളിൽ അവരുടെ ഇരിപ്പുറക്കാനാണ് പാർട്ടിയുടെ 'ചിന്തൻ ബൈഠക്' അടുത്ത ആഗസ്റ്റ് വരെ അദ്വാനി നീട്ടിയത്.**

**അധികാരം** ലക്ഷ്യമാക്കി ഹിന്ദുത്വ മന്ത്രങ്ങളുരുവിട്ട് പരദ്വേഷത്തിന്റെ വിഷവിത്ത് വിതച്ചവർ ഒന്നും കിട്ടാതെ വന്നപ്പോൾ നേർക്കുനേർ ശത്രുസംഹാരത്തിനിറങ്ങിയിരിക്കുന്നു. ഭാരതീയ ജനതാ പാർട്ടി എന്ന പഴയ ജനസംഘത്തിന്റെ പുതിയ കുപ്പിയിൽ നുരയുന്ന അധികാരക്കൊതിയുടെ ദുർഗന്ധം മാധ്യമങ്ങൾ പണിതുകൊടുത്ത കോട്ടകൾ ഭേദിച്ച് ഒടുവിൽ പുറത്തേക്ക് വമിച്ചിരിക്കുന്നു.

ഊതി വീർപ്പിച്ചുണ്ടാക്കിയ പരിവേഷത്തിനപ്പുറത്ത് ഭാരതീയ ജനതാ പാർട്ടി പല ഭാഗങ്ങളിൽനിന്ന് അടിഞ്ഞുകൂടിയ രാഷ്ട്രീയ ഭിക്ഷാംദേഹികൾ ചേർന്ന കൂടാരമല്ലാതെ ഒന്നുമല്ലെന്ന് വെളിപ്പെടുത്തുകയാണ് ബി.ജെ.പിയിലെ ആഭ്യന്തര യുദ്ധം. മാധ്യമങ്ങൾ പ്രചരിപ്പിച്ച ഹിന്ദുത്വ ആശയസമരങ്ങളോ ആർ.എസ്.എസ്-ബി.ജെ.പി അഭിപ്രായ ഭിന്നതകളോ അല്ല സംഘ് പരിവാറിന്റെ രാഷ്ട്രീയ ഭാവിയെ ഇപ്പോൾ പിടിച്ചുലക്കുന്നത്. ഭാരതീയ ജനതാ പാർട്ടിയുടെ യഥാർഥ യുദ്ധം തുടങ്ങിയിട്ടേയുള്ളൂ. അത് പക്ഷേ പാർട്ടിക്കുള്ളിലെ ശത്രുക്കൾ തമ്മിലായിരിക്കുമെന്ന് മാത്രം.

### കലാപത്തിന്റെ വഴി

സജീവ രാഷ്ട്രീയത്തിൽനിന്നുള്ള വാജ്പേയിയുടെ പിന്മാറ്റത്തോടെ ഇന്ത്യൻ ജനതയുടെ മുമ്പിൽ ആകർഷകമായി അവതരിപ്പിക്കാൻ ഒരു മുഖമില്ലാതെ പോയതാണ് ബി.ജെ.പി നേരിടുന്ന പ്രധാന പ്രതിസന്ധി. കോൺഗ്രസിന് ബദലായി ഉയർത്തിക്കാണിക്കാവുന്ന ഒരു ദേശീയ പാർട്ടിയായി ഇനിയും ബി.ജെ.പി വളർന്നിട്ടില്ലെന്ന് ഇത് തെളിയിക്കുന്നു. മൃദുഹിന്ദുത്വവാദിയെന്ന പരിവേഷം വാജ്പേയിക്ക് നൽകുന്നതിൽ വിജയിച്ച മൃദുഹിന്ദുത്വ മാധ്യമങ്ങൾ പിന്തുടർച്ചക്കാരനായി എൽ.കെ അദ്വാനിയെത്തിയപ്പോഴും ഇതേ വിശേഷണം ആവർത്തിച്ചരുളാൻ ശ്രമിച്ചതാണ്. എന്നാൽ വാജ്പേയിയെ 'മൃദു'വാക്കാൻ അദ്വാനിയെന്ന അപരനെ 'തീവ്ര'നായി പ്രതിഷ്ഠിച്ചത് അവർക്ക് വിനയായി. ഇന്ത്യയുടെ മതേതര മനസിൽനിന്ന് അത്രയെളുപ്പത്തിൽ മായ്ക്കാൻ കഴിയാത്ത രക്തപങ്കിലമായ രഥയാത്രയുടെ ഓർമകളും ബാബരി ധ്വംസനവും ഈ അപരനെ നായകനാക്കി പുനഃപ്രതിഷ്ഠിക്കുന്നതിന് വിഘാതമായി. 2004ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 'തിളങ്ങുന്ന' ഇന്ത്യയെ അവതരിപ്പിച്ചിട്ടും ബി.ജെ.പിക്ക് തിലകക്കുറി ചാർത്താൻ അദ്വാനിക്കായില്ല. വാജ്പേയിയുടെ പിൻഗാമിയാകാൻ അദ്വാനിക്കാവില്ലെന്ന് അന്നു തന്നെ പാർട്ടിക്കുള്ളിൽ മുറുമുറുപ്പ് തുടങ്ങി. 2009ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ അദ്വാനിയെ പ്രധാനമന്ത്രി സ്ഥാനാർഥിയാക്കി ഉയർത്തിക്കാണിച്ചപ്പോൾ തന്നെ ഗുജറാത്ത് മുഖ്യ

മന്ത്രി നരേന്ദ്ര മോഡിയെ ഭാവി പ്രധാന മന്ത്രിയായി അവതരിപ്പിക്കാൻ സംഘ് പരിവാറിനുള്ളിൽ ഒരു വിഭാഗം ശ്രമം തുടങ്ങിയത് ഒരുതരം ആത്മവിശ്വാസക്കുറവ് കൊണ്ടായിരുന്നു. ഈ അവസരം ഉപയോഗപ്പെടുത്താൻ ഗുജറാത്ത് മുഖ്യമന്ത്രി വ്യവസായികളുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ ചില ശ്രമങ്ങൾ നടത്തി നോക്കുകയും ചെയ്തു. 2009ലും തെരഞ്ഞെടുപ്പ് ഫലം വിപരീതമായതോടെ അദ്വാനിയുടെ പ്രധാനമന്ത്രി മോഹത്തോടൊപ്പം തകർന്നത് ദേശീയ അവതാരമാകാൻ നരേന്ദ്രമോഡി നടത്തുന്ന നീക്കങ്ങൾ കൂടിയാണ്. 2004ലെ 138 സീറ്റിൽനിന്ന് 2009ൽ 116 സീറ്റിലേക്ക് പാർട്ടിയെ എത്തിച്ചതിന്റെ ഉത്തരവാദിത്വം ആരുടെ തലയിൽ കെട്ടിവെക്കണമെന്നതല്ല ബി.ജെ.പിയിലെ പ്രശ്നം. മറിച്ച് രണ്ട് ലോക്സഭാ തെരഞ്ഞെടുപ്പുകളിലെ തോൽവി ഉപയോഗിച്ച് ആരെയെല്ലാം നിഗ്രഹിക്കേണ്ടതും അനുഗ്രഹിക്കേണ്ടതുമുണ്ടെന്ന് പൊരുതി തീരുമാനിക്കാനുള്ള പടയാണ് പാളയത്തിലൊരുങ്ങിയിരിക്കുന്നത്.

### വിചിത്രമായ ഗ്രൂപ്പുകളികൾ

തുടർച്ചയായ രണ്ട് പരാജയത്തോടെ വർഷങ്ങളായി പാർട്ടിയെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അദ്വാനിയെ മാറ്റണമെന്നായിരുന്നു നേതാക്കളുടെ ഭൂരിപക്ഷാഭിപ്രായം. എന്നാൽ പകരം ആര് എന്ന ചോദ്യത്തിന് ഓരോരുത്തരും സ്വയം ഉത്തരം നൽകിത്തുടങ്ങി. മൂന്ന് തലമുറകളുടെ ഏറ്റുമുട്ടലാണിതിനായി അരങ്ങേറുന്നത്. 80 കഴിഞ്ഞ അദ്വാനി തന്നെ മൂപ്പെത്തിയ തലമുറയുടെ ലീഡർ. പ്രായം പാർട്ടിയെ നയിക്കാൻ തടസ്സമല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. സീനിയോറിറ്റിയിൽ അദ്വാനിയുടെ തൊട്ടു പിറകെ വരുന്ന ജസ്വന്ത് സിംഗ്, മുരളി മനോഹർ ജോഷി, യശ്വന്ത് സിൻഹ, അരുൺ ഷൂരി എന്നിവരടങ്ങുന്ന രണ്ടാം തലമുറയാണ് അദ്വാനിയുടെ പെട്ടെന്നുള്ള മാറ്റം കൊതിക്കുന്നത്. നേതൃമാറ്റം ഉടൻ വേണ്ടെന്നു നിലപാടെടുത്ത അരുൺ ജയ്റ്റ്ലി, സുഷമ സ്വരാജ്, രാജ്നാഥ് സിംഗ്, നരേന്ദ്ര മോഡി, വെങ്കയ്യ നായിഡു എന്നിവരടങ്ങുന്ന മൂന്നാം തലമുറയാണ് മറ്റൊന്ന്. ഇപ്പോൾ നേതൃമാറ്റം വേണ്ടെന്ന് ഇവർ വാദിക്കുന്നത് അദ്വാനിയോടുള്ള പ്രതിപത്തി കൊണ്ടല്ല. അദ്വാനിയിൽ നിന്നുള്ള അധികാര കൈമാറ്റം തങ്ങളിലേക്ക് തന്നെ എത്തണമെന്നുള്ള നിർബന്ധം കൊണ്ടാണ്. പരാജയത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രതിപക്ഷ നേതാവിന്റെ പദവി രാജിവെച്ച അദ്വാനിയെ അതിൽനിന്ന് പിൻവലിപ്പിച്ചത് ഇവരാണ്. തന്റെ പിൻമാറ്റം പാർട്ടിക്കുള്ളിലെ ബദ്ധവൈരികൾക്ക് നേതൃത്വം ലഭിക്കുന്നതിന് കാരണമാകുമെന്ന് അദ്വാനിയും മനസ്സിലാക്കി. ഇതുകൊണ്ടാണ് മൂന്നാം തലമുറക്കാരനായ പാർട്ടി പ്രസിഡന്റ് രാജ്നാഥ് സിംഗുമായി ചേർന്ന് നിലവിലുള്ള സ്ഥാനമാനങ്ങൾ അദ്വാനി മൂന്നാം തലമുറക്കാർക്ക് വീതംവെച്ച് നൽകിയത്. അരുൺ ജയ്റ്റ്ലിക്ക് രാജ്യസഭയിലെ പ്രതിപക്ഷ നേതൃസ്ഥാനവും സുഷമ സ്വരാജിന് ലോക്സഭയിലെ ഉപനേതൃസ്ഥാനവും ഇങ്ങനെ കിട്ടിയതാണ്.

**ഭാരതീയ ജനതാ പാർട്ടിയുടെ യഥാർഥ യുദ്ധം തുടങ്ങിയിട്ടേയുള്ളൂ. അത് പക്ഷേ പാർട്ടിക്കുള്ളിലെ ശത്രുക്കൾ തമ്മിലായിരിക്കുമെന്ന് മാത്രം.**

തങ്ങൾ എന്നത്തേക്കുമായി അധികാരത്തിൽനിന്നും സ്ഥാനമാനങ്ങളിൽ നിന്നും അകറ്റിനിർത്തപ്പെടുകയാണെന്ന് ഭയന്ന രണ്ടാം തലമുറക്കാർ കലാപത്തിന് തിരികൊളുത്തി. പരാജയത്തിന് ഉത്തരവാദികളായ അദ്വാനിക്കും ജയ്റ്റ്ലിക്കും കൊടുത്ത പാരിതോഷികങ്ങളാണ് ലോക്സഭയിലെയും രാജ്യസഭയിലെയും പ്രതിപക്ഷ നേതൃസ്ഥാനങ്ങളെന്ന് പരിഹസിച്ച് രാജ്യസഭയിലെ മുൻ പ്രതിപക്ഷ നേതാവ് ജസ്വന്ത് സിംഗ് ബി.ജെ.പി ഉന്നതാധികാര സമിതി യോഗത്തിൽ കത്തുകൾ വിതരണം ചെയ്തു. കോപിഷ്ഠനായ അദ്വാനി നിർദേശിച്ചതനുസരിച്ച് കത്തുകൾ തിരിച്ചു വാങ്ങിയ ജസ്വന്ത് അവ പത്രക്കാർക്ക് ചോർത്തി നൽകി ലക്ഷ്യം നിറവേറ്റി. അച്ചടക്ക നടപടിക്ക് മുതിർന്ന നേതൃത്വത്തിന് മറുവിഭാഗത്തിന്റെ സമ്മർദത്തിന് വഴങ്ങി പിന്മാറേണ്ടിവന്നു.

സോഷ്യലിസം പുലരാൻ ഐ.എ.എസ് ഉപേക്ഷിച്ച് ജനതാദളിലൂടെ സജീവ രാഷ്ട്രീയത്തിലിറങ്ങി അധികാരത്തിന് വേണ്ടി ബി.ജെ.പി വേഷം കെട്ടിയ യശ്വന്ത് സിൻഹ രാഷ്ട്രീയ കളിയിൽ ജസ്വന്തിനെ കടത്തിവെട്ടി. പരാജയത്തിന്റെ കൂട്ടുത്തരവാദിത്വം ഏറ്റെടുത്ത് പാർട്ടി സ്ഥാനങ്ങൾ രാജിവെച്ച അദ്ദേഹം തന്റെ മാതൃക പിന്തുടർന്ന് എല്ലാവരും രാജിവെക്കണമെന്ന ആവശ്യത്തിൽ ഉറച്ചുനിൽക്കുകയാണ്. കൂട്ട രാജിക്ക് ശേഷം ആഗ്രഹിക്കുന്ന സ്ഥാനങ്ങളിൽ അവരോധിക്കപ്പെടുമെന്ന പ്രതീക്ഷയിലാണിത് ചെയ്തത്. അപകടം മണത്തറിഞ്ഞ് അരുൺ ജയ്റ്റ്ലി മറുത്യാഗം ചെയ്തു. പല ശത്രുക്കളെയും മോഹിപ്പിച്ചുകൊണ്ടിരിക്കുന്ന കാബിനറ്റ് റാങ്കിലുള്ള തന്റെ രാജ്യസഭാ പ്രതിപക്ഷ നേതൃസ്ഥാനം സുരക്ഷിതമാക്കാൻ പാർട്ടിയുടെ ജനറൽ സെക്രട്ടറി സ്ഥാനം 'ത്യജിച്ചു'.

താൽപര്യങ്ങൾ അധികാരകേന്ദ്രീകൃതമായതിനാൽ മൂന്ന് തലമുറകൾക്കുള്ളിലും വിവിധ ഗ്രൂപ്പുകളുടലെടുത്തു. തന്റെ സ്ഥാനത്തിന് തുടക്കം മുതൽ പാര പണിയുന്നവനെന്ന നിലയിൽ മുരളി മനോഹർ ജോഷിയാണ് അദ്വാനിയുടെ നമ്പർ വൺ ശത്രു. ഈ ശത്രുവിനെ നിഗ്രഹിക്കാൻ അരുൺ ജയ്റ്റ്ലി, വെങ്കയ്യ നായിഡു, അനന്ത് കുമാർ എന്നിവർക്കൊപ്പം അദ്വാനിയെ സഹായിക്കുന്ന രാജ്നാഥ് സിംഗ് തന്റെ പദവിയിലേക്ക് വെങ്കയ്യയുടെ കണ്ണ് നീളുന്നതിൽ അസ്വസ്ഥനാണ്.

അദ്വാനി വെങ്കയ്യയെ സഹായിക്കുമെന്ന് ഭയക്കുന്ന രാജ്നാഥ് ഔദ്യോഗിക പക്ഷത്തെ രവിശങ്കർ പ്രസാദ്, രാജീവ് പ്രതാപ് റൂഡി, വിജയ് ഗോയൽ എന്നിവരെകൂട്ടി സമാന്തര ഗ്രൂപ്പുമുണ്ടാക്കി. തെരഞ്ഞെടുപ്പ് പരാജയം വിലയിരുത്തി ആർ.എസ്.എസിനെ വിമർശിച്ച അദ്വാനിയുടെ പ്രസംഗമെഴുത്തുകാരൻ സുധീന്ദ്ര കുൽക്കർണിക്കെതിരെ റൂഡിയെക്കൊണ്ട് പരസ്യമായി പറയിപ്പിച്ചത് രാജ്നാഥായിരുന്നു.

സുഷമക്കും ജയ്റ്റ്ലിക്കും പദവി നൽകിയതിലൂടെ അദ്വാനിയുടെ പിന്തുടർച്ച അവരായിരിക്കുമെന്ന സന്ദേശം കൂടി നൽകിയതായി ജസ്വന്ത് സിംഗ് ഭയക്കുന്നു. തൽസ്ഥാനങ്ങളിൽ അവരുടെ ഇരിപ്പുറക്കാനാണ് പാർട്ടിയുടെ 'ചിന്തൻ ബൈഠക്' അടുത്ത ആഗസ്റ്റ് വരെ അദ്വാനി നീട്ടിയത്.

### വേരുകളില്ലാതായ നേതാക്കൾ

ബി.ജെ.പി ദേശീയ നേതാക്കൾക്ക് രാഷ്ട്രീയമായ വേരുകളില്ലെന്ന് കൂടി തെ

ളിയിക്കുന്നതാണ് ഇപ്പോൾ പൊട്ടിപുറപ്പെട്ട ആഭ്യന്തര യുദ്ധം. ജനങ്ങൾക്കിടയിൽ വേരുകളില്ലാത്തതിനാൽ അതുപയോഗിച്ച് സമീപഭാവിയിൽ അധികാര സ്ഥാനങ്ങളിൽ തിരിച്ചെത്താമെന്ന ആത്മവിശ്വാസം നേതാക്കൾക്കില്ല. പാർട്ടിയുടെ അധികാര സ്ഥാനങ്ങളിൽ ഇപ്പോൾ പറ്റിപ്പിടിച്ചിരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇനിയൊരിക്കലും അതിനാവില്ലെന്ന ഭീതി അവരെ നയിക്കുന്നുമുണ്ട്.

ദൽഹി മുഖ്യമന്ത്രി പദവി വരെയെത്തിയ സുഷമ സ്വരാജിന് സ്വന്തം തട്ടകമായ ഹരിയാനയിലെ സ്വാധീനം വട്ടപ്പൂജ്യമായതിനാൽ മധ്യപ്രദേശിനെയാണ് അവർ ലോക്സഭയിൽ പ്രതിനിധീകരിക്കുന്നത്. ജീവിതത്തിൽ ഒരു പാർലമെന്റ് തെരഞ്ഞെടുപ്പിലും വിജയിക്കാത്തയാളാണ് അരുൺ ജയ്റ്റ്ലി. രാജ്നാഥ് സിംഗിന് യു.പിയിൽ പാർട്ടിയെ രക്ഷിക്കാനായില്ലെന്ന് മാത്രമല്ല; ഉള്ളതും ഇല്ലാതാക്കാനേ ആയുള്ളൂ. വെങ്കയ്യ നായിഡുവിന്റെ ആന്ധ്രയിൽ പാർട്ടിയുടെ സാന്നിധ്യം തന്നെയില്ലാതായി. അദ്വാനിക്ക് ഗുജറാത്തിൽ മോഡിയുടെ പിൻബലം പോലുമില്ല.

വാജ്പേയിയുടെ ഇമേജിനു പിന്നിൽ അടിഞ്ഞുകൂടിയത് വേരുകളില്ലാത്ത അധികാരമോഹികളായിരുന്നുവെന്ന് ജനത്തിന് തിരിച്ചറിയാൻ ഈ കലഹം നിമിത്തമായി. വൈകിയ വേളയിൽ ബി.ജെ.പിയിലെ കലഹമൊതുക്കാൻ ആർ.എസ്.എസിന് കഴിയുമോയെന്ന് 20,21 തിയതികളിൽ നടക്കുന്ന ദേശീയ എക്സിക്യൂട്ടീവ് തെളിയിക്കും. ■